**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 570** **10-11-2021 - ൽ മറുപടിയ്ക്ക്**

**മഴക്കെടുതിയിൽ റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2021 ഒക്ടോബർ മാസം ഉണ്ടായ കനത്തമഴയിലും ഉരുൾപൊട്ടലിലും സംസ്ഥാനത്തെ റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 2021 ഒക്ടോബർ മാസം ഉണ്ടായ കനത്തമഴയിലും ഉരുൾപൊട്ടലിലും പൊതുമരാമത്ത് റോഡുകൾക്ക് 158.5 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. നിരത്ത്, പാലം വിഭാഗങ്ങൾക്കു കീഴിലുള്ള നാശനഷ്ടങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. ദേശീയപാത വിഭാഗത്തിനു കീഴിൽ വരുന്ന റോഡുകളിൽ 14.60 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. എൻ.എച്ച്.183-ൽ 12.25 കോടി രൂപയുടെയും, എൻ.എച്ച് 183 A യിൽ 1.119 കോടി രൂപയുടെയും, എൻ.എച്ച് 185 ൽ 3 ലക്ഷം രൂപയുടെയും, എൻ.എച്ച് 766-ൽ 0.45 കോടി രൂപയുടെയും, എൻ.എച്ച് 966-ൽ 0.75 കോടി രൂപയുടെയും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് കൈമാറിയ റോഡുകളിലുണ്ടായ നാശനഷ്ടത്തിന്റെ എസ്റ്റിമേറ്റ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ടി.പി വിഭാഗത്തിനു കീഴിൽ പുനലൂർ-പൊൻകുന്നം സംസ്ഥാന പാതയിൽ പൊൻകുന്നം, പ്ലാച്ചേരി റീച്ചിൽ ഏകദേശം 2 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തുന്ന മല്ലപ്പള്ളി-കോമളം റോഡിലെ ഏകദേശം 30 മീറ്ററോളം വരുന്ന ഭാഗത്തിനും താവളം - മുള്ളി സംസ്ഥാന പാതയിലെ നിർമ്മാണത്തിലിരിക്കുന്ന കി.മീ 17/570 ലുള്ള കൾവർട്ടിന് സമാന്തരമായി ഉണ്ടാക്കിയ താൽക്കാലികപാതയ്ക്കും മഴവെള്ളപ്പാച്ചിലിൽ നാശനഷ്ടം സംഭവിച്ചിരുന്നു. |
| (ബി) | ഇവയുടെ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ടോ; | (ബി) | നിരത്തു വിഭാഗത്തിനു കീഴിൽ ഗതാഗതം മുടങ്ങിയ റോഡുകളിൽ ഗതാഗത തടസ്സം നീക്കി |

| | | | |
|---|---|---|---|
| | | | പുനസ്ഥാപിക്കുന്നതിന് യുദ്ധകാലാടി സ്ഥാനത്തിൽ ക്രമീകരണങ്ങൾ ഏർപ്പെട്ടുത്തുകയും താൽക്കാലികമായി ഗതാഗത യോഗ്യമാക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയിട്ടുമുണ്ട്. പാലം വിഭാഗത്തിനു കീഴിൽ പുനർ നിർമ്മിക്കേണ്ട പാലങ്ങൾ മണ്ണു പരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത് പുനർ നിർമ്മിക്കുവാൻ ഒന്നര വർഷവും ചെറിയ കേടുപാടുകൾ സംഭവിച്ച പാലങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കന്നതിന് മൂന്നു മാസവും സമയം എടുക്കും ദേശീയപാത വിഭാഗത്തിനു കീഴിൽ തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിന് 14.60 കോടി രൂപ എഫ്.ഡി.ആർ. 2021-22 ൻ കീഴിൽ കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തകർന്ന കെ.എസ്.റ്റി.പി റോഡുകൾ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ എന്നത്തേക്ക് പണി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | നിരത്തു വിഭാഗത്തിനു കീഴിൽ ഗതാഗതം മുടങ്ങിയ റോഡുകളിൽ ഗതാഗത തടസ്സം നീക്കി പുനസ്ഥാപിക്കുന്നതിന് യുദ്ധകാലാടി സ്ഥാനത്തിൽ ക്രമീകരണങ്ങൾ ഏർപ്പെട്ടുത്തുകയും താൽക്കാലികമായി ഗതാഗത യോഗ്യമാക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയിട്ടുമുണ്ട്. പാലം വിഭാഗത്തിനു കീഴിൽ പുനർ നിർമ്മിക്കേണ്ട പാലങ്ങൾ മണ്ണു പരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത് പുനർ നിർമ്മിക്കുവാൻ ഒന്നര വർഷവും ചെറിയ കേടുപാടുകൾ സംഭവിച്ച പാലങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കന്നതിന് മൂന്നു മാസവും സമയം എടുക്കും ദേശീയപാത വിഭാഗത്തിനു കീഴിൽ തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിന് 14.60 കോടി രൂപ എഫ്.ഡി.ആർ. 2021-22 ൻ കീഴിൽ കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തകർന്ന കെ.എസ്.റ്റി.പി റോഡുകൾ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

നിരത്ത് വിഭാഗം

| | | **നാശനഷ്ടം (ലക്ഷം രൂപയിൽ)** |
|---|---|---|
| 1 | തിരുവനന്തപുരം | 314 |
| 2 | കൊല്ലം | 35 |
| 3 | ആലപ്പുഴ | 510 |
| 4 | പത്തനംതിട്ട | 535 |
| 5 | കോട്ടയം | 3183.90 |
| 6 | ഇടുക്കി | 7700 |
| 7 | മൂവാറ്റുപുഴ | 290 |
| 8 | എറണാകുളം | ഇല്ല |
| 9 | തൃശ്ശൂർ | 75 |
| 10 | പാലക്കാട് | 1581.90 |
| 11 | മലപ്പുറം | 643 |
| 12 | കോഴിക്കോട് | 681.70 |
| 13 | വയനാട് | 100 |
| 14. | കണ്ണൂർ | ഇല്ല |
| 15 | കാസർഗോഡ് | 200 |
| | ആകെ | 15849.5 |

പാലം വിഭാഗം

| ക്രമ. നം. | നാശനഷ്ടങ്ങളുടെ വിശദാംശം | തുക ലക്ഷത്തിൽ |
|---|---|---|
| | **മലപ്പുറം ജില്ല** | |
| 1. | ചെള്ളിത്തോട് പാലം - പാലത്തിന്റെ അപ്രോച്ച് റോഡിനും സംരക്ഷണ ഭിത്തിക്കും കേടുപാട് സംഭവിച്ചിട്ടുണ്ട്. | 25.00 |
| 2. | വടപുറം പാലം - പുഴയുടെ സംരക്ഷണ ഭിത്തിക്ക് കേടുപാട് സംഭവിച്ചിട്ടുണ്ട്. | 25.00 |
| | **പാലക്കാട് ജില്ല** | |
| 3. | സത്രംകാവ് - നിലംപതി പാലം - അബട്ട്മെന്റിന്റെ കോൺക്രീറ്റ് വാളും, അപ്രോച്ച് റോഡും ഭാഗികമായി തകർന്നു. | 25.00 |
| 4. | വണ്ടാഴിപാലം - അപ്രോച്ച് റോഡിന്റെ ഉപരിതലത്തിന് കേടുപാട് സംഭവിച്ചു. | 7.00 |
| 5. | ചങ്ങലിരി - നിലംപതി പാലം - അപ്രോച്ച് റോഡിന്റെ ഉപരിതലത്തിന് കേടുപാട് സംഭവിച്ചു. | 15.00 |
| 6. | പൂതംപാറ - ചൂരണി റോഡ് സംരക്ഷണ ഭിത്തി തകർന്നിട്ടുണ്ട്. | 3.00 |
| | **കോട്ടയം ജില്ല** | |
| 7. | 26-ാം മൈൽ പാലം കൈവരികൾക്ക് കേടുപാടുണ്ടായി | 19.60 (അറ്റകുറ്റപ്പണികൾ)<br>273.00 (പുനർ നിർമ്മാണം) |
| 8. | മൂന്നിലാവ് 20ാം പാലം- നടുവിലെ തൂൺ ചരിയുകയും കേടുപാടുകൾ സംഭവിക്കുകയും ഉണ്ടായി | 140 |
| 9. | ഇളംകോട് - വാഗമൺ - വല്യന്ത റോഡിലെ കലുങ്ക് - അപ്രോച്ച് റോഡിന് പൂർണ്ണമായും കേടുപാടുണ്ടായി | 68 |
| 10. | കടവനാൽ കടവ് പാലം - രണ്ടു സ്പാനുകളും തെന്നിമാറിയിട്ടുണ്ട്. | 100 |
| 11. | മുണ്ടക്കയം കോസ് വേ - കൈവരികൾക്ക് കേടുപാടുണ്ടായി | 9.4 |
| 12. | ഊരൺകാൽകടവ് കോസ് വേ - കൈവരികൾക്ക് കേടുപാടുകൾ സംഭവിക്കുകയും പാരപ്പറ്റിനു സമീപത്തെ റോഡിനു ഭാഗികമായി കേടുപാടുകൾ | 15 (അറ്റകുറ്റപ്പണികൾ)<br>2.7 (അവശിഷ്ടങ്ങൾ നീക്കം ചെയ്യാൻ |

| | | |
|---|---|---|
| 13. | മൂക്കൽപെട്ടി - കോസ് വേ - കൈവരികൾക്ക് കേടുപാടുകൾ സംഭവിച്ചു. | 3 |
| 14. | പഴയിടം കോസ് വേ - കൈവരികൾക്ക് കേടുപാടുകൾ സംഭവിച്ചു. | 9 |
| 15. | ചിറ്റാർ പാലം - കൈവരികൾക്ക് കേടുപാടുകൾ സംഭവിച്ചു. | 4 |
| 16. | മണ്ണാർക്കായം പാലം - കൈവരികൾക്ക് കേടുപാടുകൾ ഉണ്ടായി | |
| 17. | ചിറ്റാനിക്കര - കോസ് വേ - കൈവരികൾക്ക് കേടുപാടുകൾ ഉണ്ടായി | 5 |
| 18. | കാവുംകടവ് പാലം - കൈവരികൾക്ക് കേടുപാടുകൾ ഉണ്ടായി | |
| 19. | കുളത്തൂർമൂഴി പാലം - അവശിഷ്ടങ്ങൾ അടിഞ്ഞുകൂടി കിടക്കുന്നു. | 3.2 |
| | **ഇടുക്കി** | |
| 23. | ഇളാട് പാലം - കൈവരികൾക്ക് കേടുപാടുകൾ ഉണ്ടായി | 3 |
| 24. | 35-ാം മൈലിലെ പല്ലൂർക്കാവ് പാലം - വെന്റവേ മണ്ണു നിറഞ്ഞും, കൈവരികൾ പൂർണ്ണമായും കേടുപാടുകൾ സംഭവിച്ചു കാണുന്നു. | 22.7 |
| | **പത്തനംതിട്ട** | |
| 25. | കോമളംപാലം - സമീപത്തെ റോഡ് പൂർണ്ണമായും ഒഴുകിപ്പോയി - വാഹനയാത്രയും കാൽനടയാത്രയും ഒഴിവാക്കി | 1100 (പുനർ നിർമ്മാണം) |
| | ആകെ | **1877.60** |